**മധുരമായ കുട്ടികളെ - യോഗത്തിലൂടെ തത്വങ്ങളെ പാവനമാക്കുന്നതിന്റ സേവനം ചെയ്യൂ, എന്തുകൊണ്ടെന്നാൽ എപ്പോഴാണോ തത്വങ്ങൾ പാവനമാകുന്നത് അപ്പോൾ ഈ സൃഷ്ടിയിൽ ദേവതകൾ കാൽ വെയ്ക്കും.**

**ചോദ്യം:-** നിങ്ങളുടെ പുതിയ രാജധാനിയിൽ ഒരു പ്രകാരത്തിലുമുള്ള അശാന്തി ഉണ്ടാകുക സാധ്യമല്ല- എന്തുകൊണ്ട്?

**ഉത്തരം:-** 1. എന്തുകൊണ്ടെന്നാൽ ആ രാജപദവി നിങ്ങൾക്ക് ബാബയിൽ നിന്ന് സമ്പത്തായി ലഭിച്ചിട്ടുള്ളതാണ്, 2. വരദാതാവായ ബാബ നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ തന്നെ വരദാനം അഥവാ സമ്പത്ത് നൽകിയിരിക്കുന്നു, ആ കാരണത്താൽ അവിടെ അശാന്തി ഉണ്ടാകുക സാധ്യമല്ല. നിങ്ങൾ ബാബയുടേതാകുന്നു അപ്പോൾ മുഴുവൻ സമ്പത്തും നേടുന്നു.

**ഓം ശാന്തി**. കുട്ടികൾക്കറിയാം, നമ്മുടെ അച്ഛനെ സത്യമായ പ്രഭുവെന്നാണ് വിളിക്കുന്നത്. അതുകൊണ്ട് ഈ സമയം നിങ്ങൾ കുട്ടികളെ പ്രഭുസന്താനങ്ങളെന്നും പറയുന്നു. സത്യത്തെക്കുറിച്ചും ഒരു ചൊല്ലുണ്ട്- സത്യമായത് കഴിക്കണം, സത്യം ധരിക്കണം. ഇത് മനുഷ്യരുണ്ടാക്കിയതാണെങ്കിലും ബാബയിരുന്നു മനസ്സിലാക്കി തരുന്നു. കുട്ടികൾക്കറിയാം ഉയർന്നതിലും ഉയർന്നത് ബാബ മാത്രമാണ് ആ ബാബയ്ക്ക് ധാരാളം മഹിമയുണ്ട്, ബാബയെ രചയിതാവെന്നും പറയുന്നു. ഏറ്റവും ആദ്യം ചെയ്യുന്നത് കുട്ടികളുടെ രചനയാണ്. ബാബയുടെ കുട്ടികളല്ലേ. എല്ലാ ആത്മാക്കളും ബാബയോടൊപ്പമാണ് വസിക്കുന്നത്. അതിനെയാണ് പറയുന്നത് ബാബയുടെ വീട്, സ്വീറ്റ് ഹോം. ഇപ്പോൾ ഇരിക്കുന്ന ഇത് വീടൊന്നുമല്ല. കുട്ടികൾക്കറിയാം അത് നമ്മുടെ അതിമധുരമായ അച്ഛനാണ്. മധുരമായ വീടാണ് ശാന്തിധാമം. പിന്നീട് സത്യയുഗവും മധുരമായ വീടാണ് എന്തുകൊണ്ടെന്നാൽ അവിടെ വീട്-വീടുകളിൽ ശാന്തി ഉണ്ടായിരിക്കും. ഇവിടെ വീട്ടിൽ മാതാ-പിതാക്കൾക്ക് പോലും അശാന്തിയാണ്. അതുകൊണ്ട് ലോകത്തിലും അശാന്തിയാണ്. അവിടെയാണെങ്കിൽ വീട്ടിലും, ലോകത്തിലും ശാന്തി ഉണ്ടായിരിക്കും. സത്യയുഗത്തെ പുതിയ ചെറിയ ലോകമെന്ന് പറയും.ഈ പഴയലോകം എത്ര വലിയതാണ്. സത്യയുഗത്തിൽ സുഖവും-ശാന്തിയുമുണ്ട്. ഒരു ബഹളത്തിന്റെയും കാര്യമില്ല എന്തുകൊണ്ടെന്നാൽ പരിധിയില്ലാത്ത അച്ഛനിൽ നിന്നും ശാന്തിയുടെ സമ്പത്ത് ലഭിച്ചിട്ടുണ്ട്. ഗുരുക്കൻമാരും സന്യാസിമാരും ആശീർവ്വാദം നൽകാറുണ്ട് - ആയുഷ്മാൻ ഭവ, പുത്രവാൻ ഭവ. ഇവർ പുതിയ ആശീർവ്വാദമൊന്നും നൽകുന്നില്ല. ബാബയിൽ നിന്നാണെങ്കിൽ സ്വാഭാവികമായും സമ്പത്ത് ലഭിക്കുന്നു. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികൾക്ക് സ്മൃതി ഉണർത്തിയിരിക്കുന്നു. എപ്പോഴാണോ ദുഖത്തിന്റെ ലോകമാകുന്നത് അപ്പോൾ ആ പാരലൗകീക പിതാവിനെ ഭക്തിമാർഗ്ഗത്തിൽ എല്ലാ ധർമ്മത്തിലുള്ളവരും ഓർമ്മിക്കുന്നു, ഇത് തന്നെയാണ് പതിതമായ പഴയ ലോകം. പുതിയ ലോകത്തിൽ സുഖമുണ്ടായിരിക്കും, അശാന്തിയുടെ പേരു് പോലും ഉണ്ടായിരിക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് പവിത്ര ഗുണവാനാകണം. അല്ലെങ്കിൽ വളരെയധികം ശിക്ഷകൾ അനുഭവിക്കേണ്ടി വരും. ബാബ അച്ഛനും, ധർമ്മരാജനുമാണ്, കണക്കുകൾ തീർപ്പാക്കിക്കുന്നുമുണ്ട്. കോടതി കൂടുമല്ലോ. പാപങ്ങളുടെ ശിക്ഷ തീർച്ചയായും ലഭിക്കണം. ആരാണോ നല്ല രീതിയിൽ പരിശ്രമിക്കുന്നത്, അവർ കുറച്ച് ശിക്ഷയേ അനുഭവിക്കൂ. പാപത്തിന്റെ ശിക്ഷയാണ് ലഭിക്കുന്നത്, അതിനെ കർമ്മ ഭോഗെന്ന് പറയുന്നു. ഇത് രാവണന്റെ പരദേശമാണ്, ഇതിൽ അപാര ദുഃഖമാണുള്ളത്. രാമരാജ്യത്തിൽ അപാര സുഖമാണുള്ളത്. നിങ്ങൾ വളരെ പേർക്ക് മനസ്സിലാക്കികൊടുക്കുന്നുണ്ട് അതിൽ ചിലർ പെട്ടെന്ന് മനസ്സിലാക്കുന്നു ചിലർ പതുക്കെ മനസ്സിലാക്കുന്നു. കുറച്ചാണ് മനസ്സിലാക്കുന്നതെങ്കിൽ മനസ്സിലാക്കൂ ഭക്തി വൈകിയാണ് ചെയ്തത്. ആരാണോ തുടക്കം മുതലേ ഭക്തി ചെയ്തത്, അവർ ജ്ഞാനത്തെയും പെട്ടെന്ന് മനസ്സിലാക്കും എന്തുകൊണ്ടെന്നാൽ അവർക്ക് മുന്നിലെ നമ്പറിലേക്ക് പോകണം.

നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കൾ മധുരമായ വീട്ടിൽ നിന്നാണ് ഇവിടെ വന്നിട്ടുള്ളത്. നിശ്ശബ്ദം, ചലനം, ശബ്ദം അങ്ങനെയല്ലേ. കുട്ടികൾ സാക്ഷാത്ക്കാരത്തിൽ പോകുമ്പോൾ കേൾപ്പിക്കാറുണ്ട് അവിടെ ചലനദൃശ്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നുവെന്ന്. അതിന് ജ്ഞാനമാർഗ്ഗവുമായി ബന്ധമൊന്നുമില്ല. മുഖ്യമായ കാര്യമാണ്, സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ, അത്രമാത്രം. മറ്റൊരു കാര്യവുമില്ല. ബാബ നിരാകാരനാണ്, കുട്ടികൾ അതായത് ആത്മാക്കളും ഈ ശരീരത്തിൽ നിരാകാരമാണ്, മറ്റൊരു കാര്യവും ഉദിക്കുന്നില്ല. ആത്മാവിന്റെ സ്നേഹം ഒരു പരംപിതാപരമാത്മാവിനോടൊപ്പം തന്നെയാണ്. ശരീരമാണെങ്കിൽ എല്ലാം പതിതമാണ്. അതുകൊണ്ട് പതിത ശരീരത്തോട് സ്നേഹമുണ്ടാകുകയില്ല. ഇനി ആത്മാവ് പാവനമായിക്കൊണ്ടിരിക്കുകയാണെങ്കിലും ശരീരം പതിതമാണ്.

പതിത ലോകത്തിൽ ശരീരം പാവനമാകുകയേ ഇല്ല. ആത്മാവിന് ഇവിടെയിരുന്നുകൊണ്ടുതന്നെ പാവനമായി മാറണം, അപ്പോൾ ഈ പഴയ ശരീരങ്ങളുടെ നാശം സംഭവിക്കും. ആത്മാവ് അവിനാശിയാണ്. ആത്മാവിന്റെ ജോലിയാണ് പരിധില്ലാത്ത അച്ഛനെ ഓർമ്മിച്ച് പാവനമാകുക. ആത്മാവ് പവിത്രമാണെങ്കിൽ ശരീരവും പവിത്രമായത് വേണം. അത് ലഭിക്കുന്നത് പുതിയ ലോകത്തിലാണ്. പാവനമായാലും ആത്മാവിന് ഒരു പരംപിതാ പരമാത്മാവിനോടൊപ്പം മാത്രം യോഗം വെയ്ക്കണം. ഈ പതിത ശരീരത്തെ സ്പർശിക്കുക പോലുമരുത്, അതുമതി. ഇത് ആത്മാക്കളോട് അച്ഛൻ സംസാരിക്കുകയാണ്. മനസ്സിലാക്കേണ്ട കാര്യങ്ങളല്ലേ. സത്യയുഗം മുതൽ കലിയുഗം വരെ ശരീരങ്ങളോടൊപ്പം ഉടക്കിയിരിക്കുന്നു. അവിടെ ആത്മാവും ശരീരവും രണ്ടും പവിത്രമാണ്, അവിടെ വികാരത്തിൽ പോകുന്നില്ല, അതിലൂടെയാണ് ആത്മാവും ശരീരവും വികാരിയാകുന്നത്. വല്ലഭാചാരിമാരുണ്ട്, സ്പർശിക്കാൻ പോലും അനുവദിക്കില്ല. നിങ്ങൾക്കറിയാം അവരുടെ ആത്മാവ് നിർവ്വികാരി പവിത്രമൊന്നുമല്ല. അവർ ഒരു വല്ലഭാചാരി സമൂഹമാണ് അവർ സ്വയത്തെ ഉയർന്ന കുലത്തിലേതെന്ന് മനസ്സിലാക്കുന്നു, ശരീരത്തെ സ്പർശിക്കാൻ പോലും അനുവദിക്കുന്നില്ല. ഇത് മനസ്സിലാക്കുന്നില്ല അവർ അപവിത്ര വികാരിയാണ്, ശരീരമാണെങ്കിൽ ഭ്രഷ്ടാചാരത്തിലൂടെ ജന്മമെടുത്തതാണ്. ഈ കാര്യങ്ങൾ ബാബ വന്നാണ് മനസ്സിലാക്കി തരുന്നത്. ആത്മാവ് പാവനമാകുകയാണെങ്കിൽ പിന്നീട് ശരീരവും മാറ്റേണ്ടി വരും. എപ്പോഴാണോ 5 തത്വവും പാവനമായി തീരുന്നത് ,പാവനശരീരവും അപ്പോഴാണ് ഉണ്ടാവുക സത്യയുഗത്തിൽ തത്വവും പവിത്രമായിരിക്കും, അതുകൊണ്ട് ശരീരവും പവിത്രമാകുന്നു. ദേവതകൾ പതീത ശരീരത്തിൽ, പതീത ഭൂമിയിൽ കാൽ വെയ്ക്കില്ല. അവരുടെ ആത്മാവും ശരീരവും രണ്ടും പവിത്രമാണ്, പാവനമായിരിക്കുന്നതുകൊണ്ട് അവർ സത്യയുഗത്തിൽ മാത്രമാണ് കാൽ കുത്തുന്നത്. ഇതാണ് പതിത ലോകം. ആത്മാവ് പാരലൗകിക പരംപിതാ പരമാത്മാവിനെ ഓർമ്മിക്കുന്നു. ഒന്നാണ് ശാരീരിക പിതാവ്, അടുത്തതാണ് അശരീരിയായ പിതാവ്. അശരീരിയായ അച്ഛനെ ഓർമ്മിക്കുന്നു എന്തുകൊണ്ടെന്നാൽ ആ അച്ഛനിൽനിന്നും അങ്ങനെയുള്ള സുഖത്തിന്റെ സമ്പത്ത് ഉറപ്പായും ലഭിക്കുന്നുണ്ട് അതുകൊണ്ട് ഓർമ്മിക്കാതിരിക്കാനേ സാധിക്കില്ല. ഈ സമയം തമോപ്രധാനമാണ്, എന്നാലും ആ അച്ഛനെ തീർച്ചയായും ഓർമ്മിക്കുന്നുണ്ട്. പിന്നെ ഈശ്വരൻ സർവ്വവ്യാപിയാണെന്ന തെറ്റായ അറിവും ലഭിക്കുന്നു. പിന്നീട് ഈ കാര്യത്തിലും ആശയക്കുഴപ്പത്തിൽ വരുന്നു. അതായത് മനുഷ്യൻ, മനുഷ്യനായി തന്നെയാണ് മാറുന്നത്. ഈ എല്ലാ തെറ്റുകളും ബാബ വന്ന് മനസ്സിലാക്കി തരുന്നു. ബാബ ഒരേ ഒരു മൻമനാഭവയുടെ മന്ത്രം നൽകുന്നു, അതിനും അർത്ഥം വേണം. സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. അത്രമാത്രം, ഈ ഒരേഒരു ലഹരി കയറിയിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് പാവനമാകാൻ സാധിക്കും. ദേവതകൾ പവിത്രമാണ്, ഇപ്പോൾ ബാബ വന്ന് വീണ്ടും ഇതുപോലെ പവിത്രമാക്കുന്നു, മുന്നിൽ ലക്ഷ്യം വച്ച് തരുന്നു, വിഗ്രഹങ്ങളുണ്ടാക്കുന്നവരുണ്ട്, മനുഷ്യരുടെ മുഖം നോക്കി ഉടനെ അവരുടെ വിഗ്രഹമുണ്ടാക്കുന്നു. ജീവനോടെയുള്ള ആൾ മുന്നിലിരിക്കുന്നത് പോലെ തന്നെയുണ്ടാവും. അതാണെങ്കിൽ ജീവനില്ലാത്ത വിഗ്രഹമാണ്. ഇവിടെ ബാബ നിങ്ങളോട് പറയുന്നു– നിങ്ങൾക്ക് ഇതുപോലെ ചൈതന്യ ലക്ഷ്മീ–നാരായണനാകണം. എങ്ങനെയാകും? മനുഷ്യനിൽ നിന്ന് ദേവതയാകണം. നിങ്ങൾ ഈ പഠിത്തത്തിലൂടെയും പവിത്രതയിലൂടെയും ദേവതയാകും. ഈ സ്കൂൾ തന്നെ മനുഷ്യനിൽ നിന്ന് ദേവതയാക്കുന്നതിന്റേതാണ്. അവർ ശിൽപം മുതലായവ ഉണ്ടാക്കുന്നു, അതിനെ കലയെന്ന് പറയുന്നു. അതുപോലെ അതേ മുഖം മുതലായവ ഉണ്ടാക്കുന്നു ഇതിൽ അതേപോലെ എന്ന കാര്യം തന്നെയില്ല. ഇതാണെങ്കിൽ ജഡരൂപമാണ്, അവിടെയാണെങ്കിൽ നിങ്ങൾ സ്വാഭാവികമായും ചൈതന്യമുള്ളതാകില്ലേ. 5 തത്വങ്ങളുടെ ചൈതന്യ ശരീരമായിരിക്കും. ഇതാണെങ്കിൽ മനുഷ്യരുടെ ജഡ ചിത്രമാണ് ഉണ്ടാക്കിയിരിക്കുന്നത്. അതുപോലെയാകുക സാധ്യമല്ല എന്തുകൊണ്ടെന്നാൽ ദേവതകളുടെ ഫോട്ടോ എടുക്കാൻ സാധിക്കില്ല. സാക്ഷാത്ക്കാരം ചെയ്യാറുണ്ട് എന്നാൽ ഫോട്ടോ എടുക്കാൻ സാധിക്കില്ല. പറയും ഞങ്ങൾ ഇങ്ങനെ സാക്ഷാത്ക്കാരം കണ്ടു. ചിത്രമുണ്ടാക്കാൻ തനിക്കും കഴിയില്ല, മറ്റുള്ളവർക്കും കഴിയില്ല. എപ്പോഴാണോ ബാബയിൽ നിന്ന് ജ്ഞാനം നേടി പൂർത്തിയാക്കുന്നത്, അപ്പോൾ കൽപം മുൻപത്തേത് പോലെ വീണ്ടും ഉണ്ടാക്കും. ഇത് എങ്ങനെ പ്രകൃത്യായുള്ള ആശ്ചര്യകരമായ നാടകമാണ്. ബാബയിരുന്ന് ഈ അദ്ഭുതകരമായ കാര്യങ്ങൾ മനസ്സിലാക്കി തരികയാണ്. മനുഷ്യർക്കാണെങ്കിൽ ഈ കാര്യങ്ങൾ ചിന്തയിൽ പോലും ഉണ്ടായിരിക്കില്ല. അവരുടെ മുന്നിൽ പോയി തല കുനിക്കുന്നുണ്ട്, മനസ്സിലാക്കുന്നുണ്ട്, ഇവർ രാജ്യം ഭരിച്ച് പോയവരാണ്. എന്നാൽ എപ്പോൾ? ഇതറിയില്ല. പിന്നീട് എപ്പോൾ വരും അല്ലെങ്കിൽ എന്ത് ചെയ്യും, ഒന്നുമറിയില്ല. നിങ്ങൾക്കറിയാം സൂര്യവംശിയും, ചന്ദ്രവംശിയുമായി കടന്ന് പോയിട്ടുണ്ട്, അവർ അതുപോലെ വീണ്ടും തീർച്ചയായും ഉണ്ടാകും, ഈ ജ്ഞാനത്തിലൂടെ. അദ്ഭുതമല്ലേ! അതുകൊണ്ട് ബാബയിപ്പോൾ മനസ്സിലാക്കി തരികയാണ്– ഇതുപോലെ പുരുഷാർത്ഥം ചെയ്യുന്നതിലൂടെ നിങ്ങൾ തന്നെ ദേവതയാകും. കർത്തവ്യങ്ങളെല്ലാം അത് തന്നെ നടക്കും എന്താണോ സത്യ–ത്രേതായുഗത്തിൽ നടന്നത്. എത്ര അദ്ഭുതകരമായ ജ്ഞാനമാണ്. എപ്പോഴാണോ മനസ്സിന്റെ ശുദ്ധി ഉണ്ടാകുന്നത് അപ്പോഴാണ് ഇത് ബുദ്ധിയിൽ നിൽക്കുന്നത്.എല്ലാവരുടെയും

ബുദ്ധിയിൽ ഈ കാര്യങ്ങൾ നിൽക്കുകയില്ല. പരിശ്രമം വേണം. പരിശ്രമം കൂടാതെ ഒരു ഫലവും ലഭിക്കുക സാധ്യമല്ല. ബാബയാണെങ്കിൽ പുരുഷാർത്ഥം ചെയ്യിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഇനി ഡ്രാമയനുസരിച്ചാണ് ഉണ്ടാകുന്നതെങ്കിലും പുരുഷാർത്ഥം ചെയ്യേണ്ടതായുണ്ട്. ഇങ്ങനെ ഒരിക്കലും ഇരിക്കില്ല- ഡ്രാമയിലുണ്ടെങ്കിൽ നമ്മളിൽ നിന്ന് പുരുഷാർത്ഥം ഉണ്ടാകും. ഇങ്ങനെയും വിവരമില്ലാത്ത ചിന്തയുള്ള വളരെ പേരുണ്ട് -നമ്മുടെ ഭാഗ്യത്തിലുണ്ടെങ്കിൽ പുരുഷാർത്ഥം തീർച്ചയായും നടക്കും .കുട്ടികളേ്, പുരുഷാർഥം ് നിങ്ങൾ ചെയ്യണം. പുരുഷാർത്ഥവും, പ്രാലബ്ധവുമാണുള്ളത്. പുരുഷാർത്ഥമാണോ വലുത് പ്രാലബ്ധമാണോ വലുത്? എന്നും മനുഷ്യർ ചോദിക്കാറുണ്ട്.ഇപ്പോൾ വലുത് പ്രാലബ്ധമാണ്. എന്നാൽ പുരുഷാർത്ഥത്തെയാണ് വലുതാക്കി വയ്ക്കുന്നത് അതിലൂടെയാണ് പ്രാലബ്ധമുണ്ടാകുന്നത്. ഓരോ മനുഷ്യർക്കും പുരുഷാർത്ഥത്തിലൂടെയാണ് എല്ലാം തന്നെ ലഭിക്കുന്നത്. ചിലർ ഇങ്ങനെയും കല്ലുബുദ്ധിയാകുന്നുണ്ട് അവർ നേരെ തിരിച്ചെടുക്കുന്നു. അപ്പോൾ ഇവരുടെ ഭാഗ്യത്തിലില്ല. മുറി ഞ്ഞുപോയിരിക്കുന്നു എന്ന് മനസ്സിലാക്കണം. ഇവിടെ കുട്ടികളെ എത്ര പുരുഷാർത്ഥമാണ് ചെയ്യിക്കുന്നത്. രാത്രിയും പകലും മനസ്സിലാക്കി ത്തന്നുകൊണ്ടേയിരിക്കുന്നു. തന്റെ സ്വഭാവം തീർച്ചയായും ശരിയാക്കണം. പവിത്രമാകുക എന്നതാണ് നമ്പർവൺ സ്വഭാവം. ദേവതകൾ പാവനമാണ്. പിന്നീട് എപ്പോഴാണോ വീഴുന്നത്, സ്വഭാവം മോശമാകുന്നത് അപ്പോൾ തീർത്തും പതിതമാകുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മുടേത് എ-വൺ് സ്വഭാവമായിരുന്നു. പിന്നീട് തീർത്തും താഴെ വീണു. മുഴുവൻ ആധാരവും പവിത്രതയിലാണ്, ഇതിൽ തന്നെയാണ് വളരെ ബുദ്ധിമുട്ടുമുള്ളത്. മനുഷ്യന്റെ കണ്ണുകൾ വളരെ ചതിക്കുന്നു കാരണം രാവണ രാജ്യമാണ്. രാമരാജ്യത്തിൽ കണ്ണുകൾ ചതിക്കുകയേയില്ല. ജ്ഞാനത്തിന്റെ മൂന്നാം നേത്രം ലഭിക്കുന്നു അതുകൊണ്ടാണ് ധർമ്മം ശക്തിയാണെന്ന് പറയുന്നത്. സർവ്വശക്തിവാനായ ബാബ തന്നെയാണ് വന്ന് ഈ ദേവീ-ദേവതാ ധർമ്മം സ്ഥാപിക്കുന്നത്. ചെയ്യുന്നതെല്ലാം ആത്മാവാണ് എന്നാൽ മനുഷ്യന്റെ രൂപത്തിലാണ് ചെയ്യുക. ആ ബാബയാണ് ജ്ഞാനത്തിന്റെ സാഗരൻ, ബാബയുടെ മഹിമ ദേവതകളിൽ നിന്ന് തീർത്തും വ്യത്യസ്തമാണ്. എങ്കിൽ ഇങ്ങനെയുള്ള ബാബയെ എന്തുകൊണ്ട് ഓർമ്മിച്ചുകൂടാ. ബാബയെ തന്നെയാണ് ജ്ഞാനസാഗരൻ, ബീജരൂപനെന്ന് പറയുന്നത്. ബാബയെ സത് -ചിത് -ആനന്ദനെന്ന് എന്തുകൊണ്ടാണ് പറയുന്നത്? വൃക്ഷത്തിനും വിത്തുണ്ട്, അതിനും വൃക്ഷത്തെക്കുറിച്ച് അറിയില്ലേ. എന്നാൽ അത് ജഡ ബീജമാണ്. അതിൽ ആത്മാവ് ജഡം പോലെയാണ്, മനുഷ്യനിൽ ചൈതന്യ ആത്മാവാണ്. ചൈതന്യ ആത്മാവിനെയാണ് ജ്ഞാനത്തിന്റെ സാഗരനെന്നും പറയുന്നത്. വൃക്ഷം ചെറുതിൽ നിന്ന് വലുതാകുന്നു. അപ്പോഴും തീർച്ചയായും ആത്മാവുണ്ട് എന്നാൽ സംസാരിക്കാൻ സാധിക്കില്ല. പരമാത്മാവിന്റെ മഹിമ എത്രയാണ്, ജ്ഞാനത്തിന്റെ സാഗരൻ........ ഈ മഹിമ ആത്മാവിന്റേതല്ല, പരമമായ ആത്മാവ് അർഥം പരമാത്മാവിന്റേതാണ്, പിന്നീട് പരമാത്മാവിനെ ഈശ്വരൻ എന്നും പറയുന്നു. യഥാർത്ഥ പേരാണ് പരംപിതാ പരമാത്മാവ്. പരമം എന്നാൽ ഉയർന്നത്. മഹിമയും വളരെ വലുതാണ് ചെയ്യുന്നത്. ഇപ്പോൾ ദിനം-പ്രതിദിനം മഹിമയും കുറയുന്നു എന്തുകൊണ്ടെന്നാൽ ആദ്യം ബുദ്ധി സതോആയിരുന്നു, പിന്നീട് രജോ, തമോപ്രധാനമാകുന്നു. ഈ എല്ലാകാര്യങ്ങളും ബാബ വന്ന് മനസ്സിലാക്കിത്തരുന്നു. ഞാൻ ഓരോ അയ്യായിരം വർഷങ്ങൾക്ക് ശേഷവും വന്ന് പഴയ ലോകത്തെ പുതിയ ലോകമാക്കുന്നു. മഹിമയുമുണ്ട് സത്യയുഗ ആദിയും സത്യം, നടക്കു ന്നതും സത്യം. . . . ചില ചൊല്ലുകൾ വളരെ നന്നായി ഉണ്ടാക്കിയിട്ടുണ്ട് എന്തുകൊണ്ടെന്നാൽ അവർ ഇത്രയും പതിതമല്ല. പിറകിൽ വരുന്നവർ ഇത്രയും പതിതമാകുന്നില്ല. ഭാരതവാസി തന്നെയാണ് വളരെ സതോപ്രധാനമായിരുന്നത്, അവർ തന്നെയാണ് പിന്നീട് വളരെ ജന്മങ്ങളുടെ അന്ത്യത്തിൽ തമോപ്രധാനമായിരിക്കുന്നത്, മറ്റ് ധർമ്മസ്ഥരെ പ്രതി ഇങ്ങനെ പറയില്ല. അവർ ഇത്രയും സതോപ്രധാനവുമാകുന്നില്ല, ഇത്രയും തമോപ്രധാനവുമാകുന്നില്ല. അവർ വളരെ സുഖവും കണ്ടിട്ടില്ല, വളരെ ദുഃഖവും കാണില്ല. ഏറ്റവും കൂടുതൽ ബുദ്ധി തമോപ്രധാനമായി മാറിയത് ആരുടേതാണ്? ആരാണോ ആദ്യമാദ്യം ദേവതകളായിരുന്നത്, അവരാണ് എല്ലാ ധർമ്മങ്ങളെക്കാളും കൂടുതൽ വീണിട്ടുള്ളത്. ഇപ്പോൾ ഭാരതത്തിന്റെ മഹിമയെല്ലാം ചെയ്യുന്നുണ്ട് എന്തുകൊണ്ടെന്നാൽ വളരെ പുരാതനമാണ്. ചിന്തിച്ച് നോക്കുകയാണെങ്കിൽ ഭാരതം ഈ സമയത്ത് വളരെ അധ:പതിച്ചിരിക്കുന്നു. ഉത്ഥാനവും, പതനവും ഭാരതത്തിന്റേത് തന്നെയാണ് അഥവാ ദേവീ-ദേവതകളുടേതാണ്. ഇത് ബുദ്ധികൊണ്ട് ചെയ്യേണ്ട ജോലിയാണ്.എപ്പോഴാണോ സതോപ്രധാനമായിരുന്നത് അപ്പോൾ നമ്മൾ അതിയായ സുഖവും, പിന്നീട് ദുഃഖവും വളരെയധികം കണ്ടിട്ടുണ്ട് എന്തുകൊണ്ടെന്നാൽ പിന്നീട് തമോപ്രധാനമായി. മുഖ്യമായുള്ളത് 4 ധർമ്മങ്ങൾ തന്നെയാണ്- ദൈവീകധർമ്മം, ഇസ്ലാംധർമ്മം, ബുദ്ധധർമ്മം, ക്രിസ്ത്യൻ ധർമ്മം. ബാക്കി ഇതിൽ നിന്ന് വൃദ്ധി ഉണ്ടായതാണ്. നമ്മൾ ഏത് ധർമ്മത്തിലേതാണെന്ന് ഭാരതവാസികൾക്ക് അറിയുക യേയില്ല. ധർമ്മത്തെ അറിയാത്തതു് കാരണം ധർമ്മം തന്നെ ഉപേക്ഷിക്കുന്നു. വാസ്തവത്തിൽ എല്ലാത്തിലും മുഖ്യമായ ധർമ്മമാണ് ഇത്. എന്നാൽ തന്റെ ധർമ്മത്തെ മറന്നിരിക്കുന്നു. ആരാണോ അറിവും വിവേകവുമുള്ളവർ അവർ മനസ്സിലാക്കുന്നു ഇവർക്ക് തന്റെ ധർമ്മത്തിൽ വിശ്വാസമില്ല. ഭാരതം മുൻപ്

എന്തായിരുന്നു, ഇപ്പോൾ എന്തായിരിക്കുന്നു! ബാബയിരുന്ന് മനസ്സിലാക്കി തരുന്നു- കുട്ടികളെ നിങ്ങൾ എന്തായിരുന്നു! മുഴുവൻ ചരിത്രവും ഇരുന്ന് മനസ്സിലാക്കിത്തരുന്നു. നിങ്ങൾ ദേവതയായിരുന്നു, അരകൽപം രാജ്യം ഭരിച്ചു ,പിന്നീട് അരകൽപത്തിന് ശേഷം രാവണ രാജ്യത്തിൽ നിങ്ങൾ ധർമ്മ ഭ്രഷ്ടരും, കർമ്മ ഭ്രഷ്ടരുമായി. ഇപ്പോൾ വീണ്ടും നിങ്ങൾ ദൈവീക സമ്പ്രദായത്തിന്റേതായിക്കൊണ്ടിരിക്കുന്നു. ഭഗവാനുവാച, ബാബ കൽപ-കൽപം നിങ്ങൾ കുട്ടികൾക്ക് തന്നെയാണ് മനസ്സിലാക്കി തന്ന് ഈ ഈശ്വരീയ സമ്പ്രദായം ഉണ്ടാക്കുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ മനസ്സിന്റെ ശുദ്ധിയിലൂടെ ബാബയുടെ അദ്ഭുതകരമായ ജ്ഞാനത്തെ ജീവിതത്തിൽ ധാരണ ചെയ്യണം, പുരുഷാർത്ഥത്തിലൂടെ ഉയർന്ന പ്രാലബ്ധം ഉണ്ടാക്കണം. ഡ്രാമയെന്ന് പറഞ്ഞ് നിൽക്കരുത്.

2) രാവണ രാജ്യത്തിൽ വികാരി ദൃഷ്ടിയുടെ വഞ്ചനയിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ജ്ഞാനത്തിന്റെ മൂന്നാമത്തെ കണ്ണിലൂടെ കാണുന്നതിനുള്ള അഭ്യാസം ചെയ്യണം. പവിത്രത നമ്പർ വൺ വ്യക്തിത്വമാണ്, അതിനെ തന്നെ ധാരണ ചെയ്യണം.

## വരദാനം-ബ്രാഹ്മണജൻമത്തിന്റെ ജാതകത്തെ മനസ്സിലാക്കി സദാ ആനന്ദത്തിലിരിക്കുന്ന ശ്രേഷ്ഠഭാഗ്യവാനായി ഭവിക്കട്ടെ.

ബ്രാഹ്മണജീവിതം പുതിയ ജീവിതമാണ്.ബ്രാഹ്മണർ ആദിയിൽ ദേവീ-ദേവതകളായിരുന്നു. ഇപ്പോൾ ബി.കെ.ആയി മാറി. ബ്രാഹ്മണരുടെ ജാതകത്തിൽ മൂന്നുകാലങ്ങളും നല്ലതിലും നല്ലതാണ്.എന്തു നടന്നുവോ അത് നല്ലത്, ഇപ്പോൾ എന്തു നടക്കുന്നുവോ അത് വളരെ നല്ലത്,ഇനി എന്താണോ നടക്കാനിരിക്കുന്നത് അത് വളരെ വളരെ നല്ലത്. ബ്രാഹ്മണജീവിതത്തിലെ ജാതകത്തിൽ മംഗളം മാത്രമേ ഉണ്ടാകൂ, ഇത് ഗ്യാരണ്ടിയാണ്.സ്വയം ഭാഗ്യവിധാതാവായ ബാബ എന്റെ ശ്രേഷ്ഠമായ ഭാഗ്യരേഖ വരക്കുകയും,എന്നെ സ്വന്തമാക്കുകയും ചെയ്തു എന്ന സന്തോഷത്തിൽ സദാ ഇരിക്കൂ....

## സ്ലോഗൻ:- ഏകരസ സ്ഥിതിയുടെ അനുഭവം ചെയ്യണമെങ്കിൽ ഒരു ബാബയിൽ നിന്നും സർവ്വസംബന്ധങ്ങളുടെയും രസം എടുക്കൂ.